**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2205** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇലഞ്ഞിയിലെ പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ ഇലഞ്ഞിയിൽ അനുവദിച്ച പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഇലഞ്ഞി പഴം പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിർമ്മാണം 2015 ൽ ആണ് ആരംഭിച്ചത്. പ്രാരംഭമായി 12.31 കോടി രൂപയുള്ള ഭരണാനുമതി നൽകിയിരുന്നു. കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാർ ഏജൻസിയായ APEDA യുടെയും ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പൂർത്തീകരണത്തിനായി മുൻ എസ്റ്റിമേറ്റ് പ്രകാരമുള്ള BOQ (Bill of Quantities) പര്യാപ്തമല്ലെന്നും ആയതിനാൽ BOQ റിവൈസ് ചെയ്യേണ്ടതുണ്ടെന്നുള്ള പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായ മിറ്റ് കോൺ കൺസൾട്ടൻസി എഞ്ചിനീയറിംഗ് സർവീസിന്റെ ശിപാർശയിന്മേൽ BOQ റിവൈസ് ചെയ്യുകയും ആകെ 16.45 കോടി രൂപയായി കണക്കാക്കുകയും 23.7.2021 ലെ G.O (Rt) 299/2021/FCSD പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. വ്യത്യസ്ത സാങ്കേതിക വിദ്യകൾ ഉപയോഗിയ്ക്കുന്ന രണ്ട് പ്ലാന്റുകളാണ് നിർമ്മിയ്ക്കുന്നത്. പഴങ്ങളും പച്ചക്കറികളും ശീതീകരിച്ച് സൂക്ഷിയ്ക്കുന്നതിനുള്ള ചിൽഡ് സ്റ്റോറേജ് പ്ലാന്റിന്റെ (1250 ടൺ) നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്. നിർജ്ജലീകരണ പ്രക്രിയയിലൂടെ പഴങ്ങളും പച്ചക്കറികളും സൂക്ഷിയ്ക്കുവാനുള്ള നിർജ്ജലീകരണ പ്ലാന്റിന്റെ (2ടൺ)യും നിർമ്മാണം 80% പൂർത്തിയായിട്ടുണ്ട്. അധികമായി അനുവദിച്ച തുക വിനിയോഗിച്ച് ഗ്യാസ് സ്റ്റേഷൻ, ഫയർ ഫൈറ്റിങ്സിസ്റ്റം, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സിസ്റ്റം, ലിഫ്റ്റ് ഇറിഗേഷൻ, ഇലക്ട്രിക്കൽ ജോലികൾ (60% പൂർത്തീകരിച്ചിട്ടുണ്ട്), മജസ്റ്റിക്ക് ഡ്രയർ സ്ഥാപിക്കൽ, വേസ്റ്റ് വാട്ടർ ടാങ്ക്, പമ്പ് റൂം സ്ഥാപിക്കൽ എന്നിവ ഉടനെ പൂർത്തീകരിയ്ക്കുന്നതാണ്. ഫയർ NOC |

| | | | |
|---|---|---|---|
| | | | ലഭിയ്ക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ജോലികളും പൂർത്തീകരിച്ച് വരുന്നു . |
| (ബി) | ഇതിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കാൻ കഴിയാത്തത് സപ്ലൈകോയുടെ വീഴ്ചയായി കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | സപ്ലൈകോയിൽ തുടർന്നുവരുന്ന കെടുകാര്യസ്ഥതയും അഴിമതിയും പ്രസ്തുത സംസ്കരണ യൂണിറ്റിന്റെ നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ വസ്തുതയുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സംസ്കരണ യൂണിറ്റ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ? | (ഡി) | 31.03.2022 ന മുൻപ് പ്രവർത്തനം ആരംഭിയ്ക്കുവാനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ